# ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ





# ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ

## ടി.എസ്.ബാലൻ

**T.S.BALAN**
Anand Bhavan,
Near: KSRTC, Perumbavoor P.O.,
Ernakulam Dist., Kerala. Pin. 683542
Phone: 0484-3232356. Mob: 09447414608.
Email: tsbalan@yahoo.com
Website: www.tsbalan.org

# 1

# ബ്രൻഹാമിന്റെ ജീവചരിത്രം

"ബൈബിൾ വിശ്വാസികൾ" (Bible Believers Inc.) എന്ന പേരിൽ അറിയപ്പെടുന്ന കൾട്ടിന്റെ സ്ഥാപകനായ ബ്രൻഹാം കേരളത്തിൽ അത്ര പരിചിതനല്ല. അതുകൊണ്ട് ആദ്യമായി ബ്രൻഹാമിനെ പരിചയപ്പെടാം.

അമേരിക്കയിലെ കെൻറുക്കിയിൽ 1909 ഏപ്രിൽ 6ന് വില്ല്യം എം.ബ്രൻഹാം ജനിച്ചു. ബ്രൻഹാം ജനിച്ച ദിവസം ആകാശത്തു നിന്നും ഒരു അഗ്നിത്തൂണ് ഇറങ്ങി വന്നു എന്നും ശിശുവായ ബ്രൻഹാം കിടന്നിരുന്ന വീടിനു മുകളിൽ ഈ അഗ്നിത്തൂണ് രണ്ടുദിവസം മുഴുവനും കാണാമായിരുന്നു എന്നും ഒരു പ്രചരണമുണ്ട്. ബ്രൻഹാം ദൈവത്തിന്റെ പ്രവാചകനായിരുന്നു എന്നതിന് തെളിവായി ഇദ്ദേഹത്തിന്റെ അനുയായികൾ ഈ സംഭവം ചൂണ്ടിക്കാട്ടുന്നു.

ബ്രൻഹാമിന്റെ തലക്കു മുകളിൽ ഒരു പ്രകാശവലയം നിരന്തരം ഉണ്ടായിരുന്നെന്നും നിരവധി ആളുകൾ ഈ ദൃശ്യം ഫോട്ടോയിൽ പകർത്തിയിട്ടുണ്ടെന്നും ബ്രൻഹാമിന്റെ അനുയായികൾ പ്രചരിപ്പിക്കുന്നുണ്ട്. (ഈ ബുക്ക്ലറ്റിന്റെ കവർ പേജിൽ കൊടുത്തിരിക്കുന്ന ചിത്രം നോക്കുക.) പക്ഷേ, ഇത്തരം ഒരു പ്രകാശവലയം ഉൾക്കൊള്ളുന്ന ഫോട്ടോ നിർമ്മിക്കുക എന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല എന്ന് ഫോട്ടോഗ്രാഫിയുടെ ബാലപാഠങ്ങളെങ്കിലും അറിയാവുന്നവരോട് വിശേഷിച്ചു പറയേണ്ടതില്ല.

ഒരു ദരിദ്ര കുടുംബത്തിലാണ് വില്ല്യം ബ്രൻഹാം ജനിച്ചത്. അദ്ദേഹം ജനിക്കുമ്പോൾ പിതാവിന് പതിനെട്ടും മാതാവിന് പതിനഞ്ചും വയസ്സേ ഉണ്ടായിരുന്നുള്ളൂ. ബ്രൻഹാമിന് ആറുമാസം പ്രായമയപ്പോൾ ഒരു വലിയ ആപത്തിൽനിന്നും ദൈവം അദ്ദേഹത്തെ രക്ഷിച്ചു. വിറകുവെട്ടുകാരനായ പിതാവ് ജോലിക്കുപോയിരുന്ന സമയത്ത് ബ്രൻഹാമും മാതാവും കൊടിയ തണുപ്പിൽ അകപ്പെടുകയുണ്ടായി. എങ്കിലും ഒരു അയൽവാസിയുടെ അവസരോചിതമായ സഹായംകൊണ്ട് മരണത്തിൽനിന്നും രക്ഷപ്പെട്ടു. ഈ സംഭവത്തിനുശേഷം ബ്രൻഹാമിന്റെ കുടുംബം ഇൻഡിയാനയിലേക്ക് താമസംമാറ്റി. എങ്കിലും കൊടിയ ദാരിദ്ര്യത്തിൽ നിന്നും രക്ഷപ്പെടാൻ ഈ കുടുംബത്തിനു കഴിഞ്ഞില്ല.

ഏഴു വയസ്സുള്ളപ്പോൾ ഒരു ചുഴലിക്കാറ്റിൽനിന്നും ബ്രൻഹാം ഒരു ശബ്ദംകേട്ടു. 'നീ ഒരിക്കലും പുകവലിക്കയോ മദ്യപിക്കയോ മറ്റു വിധത്തിൽ ശരീരം അശുദ്ധമാക്കുകയോ ചെയ്യരുത്. കാരണം, നീ വലുതാകുമ്പോൾ വലിയ ശുശ്രൂഷ ചെയ്യേണ്ടവനാണ്.' ഈ ശബ്ദത്തിന്റെ ഉടമയായ ദൂതനെ ബ്രൻഹാം 1946 ൽ നേരിട്ടു കണ്ടു എന്നും ബ്രൻഹാം എല്ലാവിധ ശുശ്രൂഷകളും നടത്തിയത് ഈ ദൂതന്റെ സഹായത്തോടെ ആയിരുന്നു എന്നും ഈ കൾട്ടിലെ അംഗങ്ങൾ വിശ്വസിക്കുന്നു.

ദാരിദ്ര്യം മൂലം ബ്രൻഹാമിന് ഏറെയൊന്നും പഠിക്കാൻ കഴിഞ്ഞില്ല. പതിനാല് വയസ്സുള്ളപ്പോൾ ബ്രൻഹാമിന് ഒരു അപകടത്തിൽ പരിക്കേറ്റ് ഏഴു മാസത്തോളം ആശുപത്രിയിൽ കിടക്കേണ്ടതായും വന്നു. പത്തൊൻപത് വയസ്സുള്ളപ്പോൾ ബ്രൻഹാം തൊഴിലന്വേഷിച്ച് ഇറങ്ങി. പകൽ കൂലിവേലയും വൈകിട്ട് ബോക്സിങ്ങും ഒക്കെയായി കുറച്ചുകാലം കഴിച്ചുകൂട്ടിയെങ്കിലും ഈ രംഗത്ത് വിജയിക്കാൻ കഴിഞ്ഞില്ല. ബ്രൻഹാം വളരെയധികം സ്നേഹിച്ചിരുന്ന സഹോദരൻ മരിച്ചതും ഈ കാലത്താണ്. ബ്രൻഹാമിന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ച സംഭവങ്ങളാണ് ഇതൊക്കെ.

രണ്ടു വർഷം കഴിഞ്ഞ് ബ്രൻഹാം വീണ്ടും ഒരു അപകടത്തിൽ അകപ്പെട്ടു. അബദ്ധത്തിൽ വിഷവാതകം ശ്വസിച്ചതുമൂലമുണ്ടായ പ്രശ്നം പരിഹരിക്കാനായി അദ്ദേഹം ഒരു ഓപ്പറേഷന് വിധേയനായി. ബ്രൻഹാം മരണത്തെ മുഖാമുഖം കണ്ട സന്ദർഭമായിരുന്നു അത്. എന്നാൽ തന്റെ ചെറുപ്പകാലത്ത് ചുഴലിക്കാറ്റിൽ നിന്നും കേട്ട അതേ ശബ്ദം അദ്ദേഹം വീണ്ടും കേട്ടെന്നും അതോടെ പൂർണ്ണ സൗഖ്യം പ്രാപിച്ചെന്നും പറയപ്പെടുന്നു. എങ്കിലും ഈ അപകടം മൂലം ഉണ്ടായ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു.

ദൈവീക രോഗശാന്തിയിൽ വിശ്വസിക്കുന്ന ഒരു ബാപ്റ്റിസ്റ്റ് സഭയേക്കുറിച്ച് ബ്രൻഹാം അറിയാനിടയായത് ഇക്കാലത്താണ്. തന്റെ രോഗത്തിന് പൂർണ്ണസൗഖ്യം ലഭിച്ചത് ഈ സഭയിൽ നടന്ന പ്രാർത്ഥനയിലൂടെയാണ്. ഏറെ താമസിയാതെ ബ്രൻഹാം

സുവിശേഷ പ്രവർത്തനം ആരംഭിച്ചു.

1933 ജൂൺ മാസത്തിൽ ബ്രൻഹാം നടത്തിയ യോഗത്തിൽ നാലായിരത്തോളം ആളുകൾ പങ്കെടുത്തു. ജൂൺ 11 ന് അദ്ദേഹം 130 ആളുകളെ ഒഹ്യോ നദിയിൽ സ്നാനപ്പെടുത്തി. ഈ സ്നാനം നടക്കുമ്പോൾ ആകാശത്ത് ഒരുപ്രകാശം ഉണ്ടായി എന്ന് പറയപ്പെടുന്നു. ഏതായാലും ഈ സ്നാനത്തോടെയാണ് ബ്രൻഹാം പ്രശസ്തനായത്. ഹോപ് എന്ന സ്ത്രീയെ ബ്രൻഹാം വിവാഹം കഴിച്ചതും ഇക്കാലത്താണ്. ഏറെ താമസിയാതെ അദ്ദേഹത്തിന്റെ അനുയായികൾ 'ബ്രൻഹാമിന്റെ കൂടാരം' എന്നപേരിൽ ഒരു കൂടാരം ഉണ്ടാക്കി. 1933-46 കാലത്ത് ജോലിയോടൊപ്പം ബ്രൻഹാം ഈ കൂടാരത്തിൽ ശുശ്രൂഷ ചെയ്തു.

ബാപ്റ്റിസ്റ്റ് സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ബ്രൻഹാം സുവിശേഷ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ സഞ്ചരിക്കുന്നതിനിടയിലാണ് യേശുനാമക്കാരുമായി പരിചയത്തിലാകുന്നത്. പറയത്തക്ക വേദപരിജ്ഞാനമൊന്നും ഇല്ലാത്ത ബ്രൻഹാമിന് യേശുനാമക്കാരുടെ ദുരുപദേശങ്ങൾ തിരിച്ചറിയാൻ കഴിയാഞ്ഞതിൽ അത്ഭുതമില്ല. എങ്കിലും ബ്രൻഹാം യേശുനാമക്കാരനായി മാറിയത് ചില വർഷങ്ങൾക്കുശേഷമാണ്.

1937ൽ ബ്രൻഹാമിന്റെ ഭാര്യ ഒരു പെൺകുഞ്ഞിന് ജന്മം കൊടുത്തു. (ബ്രൻഹാമിന് ഒരു ആൺകുട്ടി ഉണ്ടായിരുന്നു). ഏറെ താമസിയാതെ ബ്രൻഹാമിന്റെ ഭാര്യക്കും നവജാത ശിശുവിനും ന്യുമോണിയ ബാധിച്ചു. ഇതിനിടയിൽ ഒഹ്യോ നദിയിലുണ്ടായ വെള്ളപ്പൊക്കം ബ്രൻഹാമിന്റെ കുടുംബത്തെ സാരമായിബാധിച്ചു. അദ്ദേഹം ഇരുവരേയും ഒരു ആശുപത്രിയിൽ ആക്കിയശേഷം രക്ഷാപ്രവർത്തനത്തിൽ മുഴുകി. നാലുദിവസം കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ വെള്ളപ്പൊക്കം മൂലം ഇടിഞ്ഞുപൊളിഞ്ഞ ആശുപത്രിയാണ് കണ്ടത്. ഭാര്യയും കുട്ടിയും എവിടെ എന്നുകണ്ടെത്താൻ കഴിഞ്ഞതുമില്ല. എന്നാൽ രണ്ടാഴ്ച കഴിഞ്ഞ് അവരെ മറ്റൊരു പട്ടണത്തിൽ കണ്ടെത്തി.

ക്ഷയരോഗം മൂലം ബ്രൻഹാമിന്റെ ഭാര്യയായ ഹോപ്പിന്റെ ആരോഗ്യം ഏറെ വഷളായി കഴിഞ്ഞിരുന്നു. കുട്ടികൾ ഇരുവരും ഭാര്യാമാതാവിനോടൊപ്പമായിരുന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം ഹോപ്പ് മരിച്ചു. അതേ രാത്രിയിൽത്തന്നെ അദ്ദേഹത്തിന്റെ മകളും മരിച്ചു. ഏക മകൻ മാത്രം അവശേഷിച്ചു. ബ്രൻഹാമിന് താങ്ങാനാവുന്നതിലും അധികമായിരുന്നു ഇത്. എങ്കിലും അദ്ദേഹം അതെല്ലാം സഹിച്ചു.

തുടർന്നുള്ള അഞ്ചു വർഷക്കാലം സംഭവബഹുലമായിരുന്നു. ഇക്കാലത്ത് ബ്രൻഹാം വീണ്ടും വിവാഹം കഴിച്ചു. 1946 മെയ് 7ന് ബ്രൻഹാം ഒരു ദർശനം കണ്ടതായി പറയപ്പെടുന്നു. ഏതായാലും ബ്രൻഹാമിന്റെ നിലപാടുകളുമായി പൊരുത്തപ്പെടാൻ ബാപ്റ്റിസ്റ്റുകാർക്ക് കഴിഞ്ഞില്ല. ദർശനങ്ങളും വെളിപാടുകളും മറ്റും ഒന്നാം നൂറ്റാണ്ടോടെ അവസാനിച്ചു എന്നാണല്ലോ ബാപ്റ്റിസ്റ്റ് സഭകൾ പഠിപ്പിക്കുന്നത്. ഈ പ്രതിഭാസത്തെക്കുറിച്ച് കൂടുതൽ അറിയാനായി ബ്രൻഹാം അന്വേഷണം ആരംഭിച്ചു.

ഒരു ഏകാന്ത സ്ഥലത്തു പോയിരുന്ന് അദ്ദേഹം പ്രാർത്ഥനയും വചനധ്യാനവും ആരംഭിച്ചു. അന്നുരാത്രി അദ്ദേഹം താമസിച്ചിരുന്ന മുറിയിൽ ഒരു പ്രകാശഗോളം ദൃശ്യമായി. അതുകഴിഞ്ഞ് ഒരു മുറിയിൽ ആരോ നടക്കുന്ന ശബ്ദവുംകേട്ടു. വെള്ളവസ്ത്രം ധരിച്ച ഒരു മനുഷ്യൻ അവിടെ പ്രത്യക്ഷനായി. ഈ മനുഷ്യനെ ക്കണ്ട് ബ്രൻഹാം ഭയന്നുവിറച്ചു. അപ്പോൾ ആ മനുഷ്യൻ ഇപ്രകാരം പറഞ്ഞു: ഭയപ്പെടേണ്ട. ഞാൻ ദൈവം അയച്ചിട്ടു വന്നതാണ്. രോഗശാന്തിയുടെവരം നിനക്ക് ലഭിച്ചിരിക്കുന്നു. എല്ലാവിധ രോഗങ്ങളും നിന്റെ പ്രാർത്ഥനയാൽ സൗഖ്യമാകും.

ബ്രൻഹാമിന് ഈ ദർശനം വിശ്വസിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ ദൂതൻ ബ്രൻഹാമിന് രണ്ട് അടയാളങ്ങൾ കൊടുത്തു. രോഗമുള്ള വ്യക്തിയുടെ അടുത്തെത്തുമ്പോൾ ബ്രൻഹാമിന് ഇടതുകൈ തുടിക്കും എന്നതാണ് ഒരു അടയാളം. ഇപ്രകാരം കൈ തുടിക്കുമ്പോൾ ബ്രൻഹാം പ്രാർത്ഥിക്കണം. രോഗി തീർച്ചയായും സൗഖ്യമാകും. മനുഷ്യരുടെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാത്ത രഹസ്യ പാപങ്ങൾ ബ്രൻഹാമിന് വെളിപ്പെടും എന്നതായിരുന്നു രണ്ടാമത്തെ അടയാളം. ഈ രണ്ട് അടയാളങ്ങളും ബ്രൻഹാമിൽ വെളിപ്പെട്ടിരുന്നു എന്നാണ് പറഞ്ഞുകേൾക്കുന്നത്. ഏതായാലും ഈ സംഭവം ബ്രൻഹാമിബെ ജീവിതത്തെ മാറ്റിമറിച്ചു. തുടർന്നുള്ള കാലം അദ്ദേഹം ശുശ്രൂഷക്കായി മാറ്റിവെച്ചു.

ബ്രൻഹാമിന്റെ ശുശ്രൂഷയിലൂടെ അനേകർ സൗഖ്യം പ്രാപിച്ചതായി പറയപ്പെടുന്നു. ഏറെ താമസിയാതെ ബ്രൻഹാം പ്രശസ്തിയുടെ കൊടുമുടിയിലേക്കുയർന്നു. 1947ൽ ടൈം മാസിക ബ്രൻഹാമിന്റെ ശുശ്രൂഷകളെക്കുറിച്ച് വാർത്ത പ്രസിദ്ധീകരിച്ചു.

'അപ്പൊസ്തോലിക്ക് ഹെറാൾഡ്' എന്ന പത്രത്തിന്റെ എഡിറ്ററായ W.E. കിഡ്സൺ എന്ന വ്യക്തി ബ്രൻഹാമിന്റെ മാനേജർ ആയതോടെ ബ്രൻഹാമിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള വാർത്ത ലോകമെമ്പാടും പ്രചരിക്കുവാൻ തുടങ്ങി. പക്ഷേ, കിഡ്സണുമായുള്ള സൗഹൃദം ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്തത്. കിഡ്സൺ ഒരു യേശുനാമക്കാരനായിരുന്നു. വലിയ വിദ്യാഭ്യാസമോ ദൈവവചന പരിജ്ഞാനമോ ഇല്ലാത്ത ബ്രൻഹാം കിഡ്സൺന്റെ സ്വാധീനവലയത്തിലായതോടെ യേശുനാമക്കുരുക്കിൽ അകപ്പെട്ടു. ബ്രൻഹാം പിൽക്കാലത്ത് പ്രചരിപ്പിച്ച ഭൂരിപക്ഷം ദുരുപദേശങ്ങളുടേയും തുടക്കം കിഡ്സണിൽ നിന്നായിരുന്നു.

വിശ്രമംകൂടാതെയുള്ള ശുശ്രൂഷ നിമിത്തം 1948 ആയപ്പോഴേക്കും ബ്രൻഹാം ശാരീരികമായും മാനസികമായും തളർന്നിരുന്നു. അതുകൊണ്ട് ബ്രൻഹാം തന്റെ ശുശ്രൂഷയുടെ സമയ ദൈർഘ്യത്തിൽ ഗണ്യമായ കുറവ് വരുത്താൻ നിർബ്ബന്ധിതനായി ത്തീർന്നു. അക്കാലത്ത് ബ്രൻഹാമിന്റെ ശുശ്രൂഷകളുടെ ചുക്കാൻ പിടിച്ചിരുന്ന മൂർ, ലിൻഡ്സെ തുടങ്ങിയവരുടെ പിടിപ്പുകേടുകൊണ്ടാണ് ഈ കുഴപ്പങ്ങൾ ഉക്കായതെന്ന ആരോപണമുണ്ടായി. അതുകൊണ്ട് അവരെ വോയിസ് ഓഫ് ഹീലിംഗ് മാസികയുടെ ചുമതല ഒഴികെയുള്ള എല്ലാ ചുമതലകളിൽനിന്നും ബ്രൻഹാം ഒഴിവാക്കി. ഇത് ലിൻഡ്സെയെ ഞെട്ടിച്ചു. പക്ഷേ, ഈ സംഭവത്തിനുശേഷം ഇരുവരും തമ്മിലുള്ള സ്നേഹബന്ധം പഴയ നിലയിലായില്ല. വചനപണ്ഡിതനും കഴിവുറ്റ സംഘാടകനുമായ ലിൻഡ്സെയെപ്പോലൊരാളെ അകറ്റി നിർത്തിയത് ബ്രൻഹാമിന്റെ ജീവിതത്തിലെ അബദ്ധങ്ങളിൽ ഒന്നായിരുന്നു എന്ന് പറയാതെ വയ്യ.

1950 മുതൽ ബ്രൻഹാമിന്റെ ശുശ്രൂഷ പുതിയ തലങ്ങളിലേക്കു കടന്നു. ഇത് അദ്ദേഹം 1965ൽ മരിക്കുന്നതുവരെ തുടർന്നു. പ്രധാന ലോകരാജ്യങ്ങളിലെല്ലാം ബ്രൻഹാം ശുശ്രൂഷിച്ചു. ജനം ഒരു ദിവ്യപരിവേഷം നൽകി അദ്ദേഹത്തെ മാനിച്ചു. പെട്ടെന്നുണ്ടായ ഈ വിജയം അദ്ദേഹത്തെ മത്തുപിടിപ്പിച്ചു എന്നതിന് സംശയമില്ല. അബദ്ധങ്ങളിൽ നിന്നും അബദ്ധങ്ങളിലേക്ക് അദ്ദേഹം വഴുതി വീണതും ഇക്കാലത്തത്രേ.

ദൈവം തന്റെ മഹത്വം മറ്റാർക്കും വിട്ടുകൊടുക്കയില്ല എന്ന വസ്തുത ബ്രൻഹാം മറന്നുപോയി. അതിന് ബ്രൻഹാം വലിയ വില കൊടുക്കേണ്ടതായി വന്നു. കാര്യമായ വിദ്യാഭ്യാസമോ വചന പരിജ്ഞാനമോ ലോകപരിചയമോ സംഘടനാ പാടവമോ ഇല്ലായിരുന്ന ബ്രൻഹാം സ്തുതിപാഠകരുടെ സ്വാധീനവലയത്തിൽ അകപ്പെട്ടതിൽ അത്ഭുതമില്ല. അവർ അദ്ദേഹത്തെ തങ്ങൾക്കു ബോധിച്ചതുപോലെ ദുരുപയോഗം ചെയ്തു. ദുരുപദേശങ്ങളിലൂടെ സഞ്ചരിച്ച് അദ്ദേഹം ഒരു കൾട്ട് ഫിഗർ ആയി മാറി. അദ്ദേഹം പറഞ്ഞതെല്ലാം വേദവാക്യമായി കണക്കാക്കാൻ ആളുണ്ടായി.

ലിൻഡ്സെയുമായി തെറ്റിപ്പിരിഞ്ഞതോടെ ബ്രൻഹാം നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ തുടങ്ങി. 1956 ൽ ബ്രൻഹാം ഒരു നികുതിവെട്ടിപ്പു കേസിൽ പ്രതിയായി. 40,000 ഡോളർ പിഴ ഒടുക്കിയാണ് അദ്ദേഹം ഈ കേസിൽനിന്നും രക്ഷപ്പെട്ടത്. മാത്രമല്ല, രോഗശാന്തി വരപ്രാപ്തരായ മറ്റു ചില ദൈവദാസന്മാർ കൂടി രംഗപ്രവേശം ചെയ്തതോടെ ബ്രൻഹാമിന്റെ ജനപ്രീതിക്ക് ഇടിവുതട്ടി. ഏറെ താമസിയാതെ ബ്രൻഹാമിന്റെ മിനിസ്ട്രി കടക്കെണിയിൽ അകപ്പെടുകയും ചെയ്തു.

അറുപതുകളിലാണ് ബ്രൻഹാം ഏറ്റവും കൂടുതൽ ദുരുപദേശങ്ങൾ പ്രചരിപ്പിച്ചത്. എന്നാൽ ഈ പ്രശ്നം ഏറെ ഗുരുതരമാകും മുൻപേ അദ്ദേഹം മരിച്ചു. 1965ൽ ഒരു ശുശ്രൂഷ കഴിഞ്ഞ് മടങ്ങി വരുമ്പോൾ ഉണ്ടായ ഒരു കാർ അപകടത്തിൽ ബ്രൻഹാം കൊല്ലപ്പെട്ടു. ബ്രൻഹാമിന്റെ കാറിനു മുൻപിലായി അദ്ദേഹത്തിന്റെ മകനായ പോൾ ബ്രൻഹാമിന്റെ കാർ ഉണ്ടായിരുന്നു. മദ്യലഹരിക്ക് അടിമപ്പെട്ട ഒരാൾ ഓടിച്ചിരുന്ന ഒരു വാഹനം പോളിന്റെ കാറിനെ മറികടന്നു വന്ന് ബ്രൻഹാമിന്റെ കാറിൽ ഇടിച്ചു. ആറുദിവസത്തോളം കോമയിൽ കിടന്നശേഷം ബ്രൻഹാം മരിച്ചു.

1965 ഡിസംബർ 24ന് ആണ് ബ്രൻഹാം മരിച്ചത്. ഡിസംബർ 29ന് ശവസംസ്കാര ശുശ്രൂഷകൾ നടത്തിയെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിക്കാതെ സൂക്ഷിച്ചു. ഇതേപ്പറ്റി പല ദുരൂഹതകളും ബാക്കി നിൽക്കുന്നു. ബ്രൻഹാമിന്റെ ശരീരം തൈലാഭിഷേകം നടത്തി സൂക്ഷിച്ചുവയ്ക്കയായിരുന്നു എന്നു പറയപ്പെടുന്നു. ഈസ്റ്റർ ഞായറാഴ്ച ബ്രൻഹാം ഉയിർത്തെഴുന്നേൽക്കും എന്ന പ്രതീക്ഷയിലാണ് മൃതദേഹം സൂക്ഷിച്ചുവച്ചത് എന്നത്രേ കേൾക്കുന്നത്. ഏതായാലും 1966ലെ ഈസ്റ്റർ ഞായഴറാഴ്ച ബ്രൻഹാം ഉയിർത്തില്ല. അതുകൊണ്ട് 1966 ഏപ്രിൽ 11ന് ബ്രൻഹാമിന്റെ മൃതദേഹം സംസ്കരിച്ചു. ശവക്കല്ലറക്കു മുകളിൽ വലിയ

ഒരു പിരമിഡ് സ്ഥാപിക്കയും ചെയ്തു. എങ്കിലും ബ്രൻഹാം ഒരുനാൾ തിരിച്ചുവരും എന്ന് ബ്രൻഹാമിന്റെ അനുയായികൾ ഇന്നും വിശ്വസിക്കുന്നു.

# 2

# ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ

വില്ല്യം ബ്രൻഹാമിനേക്കുറിച്ചോ അദ്ദേഹം പ്രചരിപ്പിച്ചിരുന്ന ദുരുപദേശങ്ങളേക്കുറിച്ചോ കേരളക്കരയിലുള്ള ഭൂരിപക്ഷം വിശ്വാസികൾക്കും ഏറെയൊന്നും അറിഞ്ഞുകൂടാ. എങ്കിലും ബ്രൻഹാം പ്രചരിപ്പിച്ചിരുന്ന ദുരുപദേശങ്ങൾ കേരളത്തിൽ പ്രചരിച്ചുകൊണ്ടിരിക്കയാണ്. ദൈവവചനത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്ത കുറെ സാധുക്കൾ ഈ കൾട്ടിന്റെ പിടിയിൽ അകപ്പെട്ടുകഴിഞ്ഞു.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നാമത്തിൽ അറിയപ്പെടുന്ന് ഏകസത്യ ദൈവം കർത്താവായ യേശുക്രിസ്തു ആണ്, വിശ്വസികൾ സ്നാനമേൽക്കേണ്ടത് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലല്ല, കർത്താവായ യേശുവിന്റെ നാമത്തിലാണ്, എല്ലാരോഗങ്ങളും സാത്താന്യമാണ്, നിത്യ നരകം ഇല്ല, സ്ത്രീകൾ പുരുഷനേക്കാളും മൃഗങ്ങളേക്കാളും ഹീനരാണ്, സാത്താനും ഹവ്വയുമായുണ്ടായ ലൈംഗികബന്ധത്തിലൂടെ ഉണ്ടായ സന്തതിയാണ് കയീൻ, ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും കയീന്റെ മക്കളാണ്, പുരുഷന് വിവാഹമോചനം നടത്താൻ അവകാശമുണ്ട്, ബഹുഭാര്യാത്വം അനുവദനീയമാണ്, ക്രൈസ്തവ സഭാ വിഭാഗങ്ങളാണ് മൃഗത്തിന്റെ മുദ്ര, ലവോദിക്യാ സഭയുടെ ദൂതനും വെളി. 10:6ൽ പറയുന്ന ദൂതനും ബ്രൻഹാമാണ്, ബ്രൻഹാമിന്റെ വായിൽനിന്നും വരുന്ന വാക്കുകൾ മനുഷ്യരുടെ ശരീരത്തെ കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ യോഗ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുന്ന ഒരു കാലം ആസന്നഭാവിയിൽ വരും, തുടങ്ങി നിരവധി ദുരുപദേശങ്ങൾ ഈ കൾട്ടിലെ അംഗങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ആത്മരക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങളാണ് ഇവ എന്നതിനു സംശയമില്ല. പക്ഷേ, പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാതെ പലരും ഈ കൾട്ടിന്റെ വലയിൽ അകപ്പെടുന്നു. അത്തരക്കാരെ ബോധവത്ക്കരിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ബുക്ക്ലറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

മത്താ. 28:19 ത്രിത്വത്തിന് അനിഷേധ്യമായ തെളിവാണ്. എത്ര ദുർവ്യാഖ്യാനം ചെയ്താലും ഈ വസ്തുത മൂടിവയ്ക്കാനാവില്ല. എങ്കിലും യേശുനാമക്കാർ സത്യത്തിനു നേരെ കണ്ണടക്കുന്നു, കണ്ണടച്ച് ഇരുട്ടാക്കുന്നു. എട്ടും പൊട്ടും തിരിച്ചറിയാത്ത സാധുക്കളെ കബളിപ്പിക്കുന്നു.

മത്താ. 3:16

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവർ യേശുവിന്റെ വെളിപ്പെടലുകൾ മാത്രമാണ് എന്ന് വാദിക്കുന്നവർക്ക് ഉത്തരം മുട്ടുന്ന ഒരു വാക്യമാണ് മത്താ. 3:16. കാരണം, പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നിച്ച് വെളിപ്പെടുന്ന ഒരു സന്ദർഭമാണിത്. പിതാവായ ദൈവം സ്വർഗ്ഗത്തിൽ നിന്ന് സംസാരിക്കുന്നു. പുത്രൻ സ്നാനമേറ്റ ശേഷം കയറുന്നു. പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ യേശുവിന്റെ മേൽ ഇറങ്ങിവരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും യേശുവിന്റെ വെളിപ്പാടാണെങ്കിൽ ഇത് എങ്ങനെ സാധിക്കുന്നു? സ്നാനമേറ്റ് കയറുന്ന യേശു, സ്വർഗ്ഗത്തിൽ നിന്ന് സംസാരിക്കുന്ന യേശു, പ്രാവിനെപ്പോലെ ഇറങ്ങിവരുന്ന യേശു, ഇങ്ങനെ ഒരേസമയത്ത് മൂന്ന് യേശു. വിചിത്രമായ വ്യാഖ്യാനം. സുബോധമുള്ളവർക്ക് ഇത് സ്വീകരിക്കാൻ ആവില്ല.

2 കൊരി. 13:14

ത്രിത്വം വെളിപ്പെടുന്ന മറ്റൊരു വാക്യമാണ് 2കൊരി. 13:14. ഇവിടെ പിതാവായ ദൈവത്തിന്റെ സ്നേഹം, കർത്താവായ യേശുക്രിസ്തുവിന്റെ കൃപ, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ എന്നിവ ഉണ്ടാകട്ടെ എന്ന് പൗലോസ് പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും യേശുവിന്റെ വെളിപ്പാട് മാത്രമാണെങ്കിൽ ഈ വാക്യം "കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹവും കൃപയും കൂട്ടായ്മയും നിങ്ങളെല്ലാവരോടുകൂടെ ഇരിക്കുമാറാകട്ടെ" എന്ന് എഴുതിയാൽ മതിയായിരുന്നല്ലോ.

ത്രിത്വം തെളിയിക്കുക എന്നത് ഈ ബുക്ക്ലറ്റിന്റെ പരിധിയിൽ ഒതുക്കാവുന്ന ഒരു വിഷയമല്ല. മാത്രമല്ല, ഈ ബുക്ക്ലറ്റിന്റെ ലക്ഷ്യവും അതല്ല. ബ്രൻഹാമിന്റെ ദുരുപദേശങ്ങളെക്കുറിച്ച് വിശ്വാസികൾക്ക് മുന്നറിയിപ്പ് കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ലഘുഗ്രന്ഥം രചിച്ചിട്ടുള്ളത്. അതുകൊണ്ട് ത്രിത്വത്തെക്കുറിച്ചും സൂചിപ്പിച്ചു എന്നു മാത്രം. "ത്രിത്വം" എന്ന വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ ആഗ്രഹമുള്ളവർ ത്രിത്വോപദേശം തിരുവചന വെളിച്ചത്തിൽ തെളിയിക്കുന്ന പുസ്തകങ്ങൾ നോക്കുക.

2. വിശ്വാസികൾ സ്നാനമേൽക്കേണ്ടത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലല്ല, കർത്താവായ യേശുവിന്റെ നാമത്തിലാണ്.

ബ്രൻഹാം ഉൾപ്പെടെയുള്ള എല്ലാ യേശുനാമക്കാരുടേയും ദുരുപദേശത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ് യേശുവിന്റെ നാമത്തിലുള്ള സ്നാനം. ഈ ഉപദേശം തെറ്റാണെന്ന് തെളിഞ്ഞാൽ ഈ കൾട്ടുകൾക്ക് നിലനിൽപ്പില്ലാതാകും. ആകയാൽ ഈ ദുരുപദേശം സ്ഥാപിക്കാൻ അവർ ഉപയോഗിക്കുന്ന ന്യായങ്ങൾ നമുക്ക് തിരുവചന വെളിച്ചത്തിൽ പരിശോധിക്കാം.

കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു?

"കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു" എന്ന വാചകം പ്രവൃത്തികളുടെ പുസ്തകത്തിൽ പല സ്ഥലത്തും കാണുന്നുണ്ട് എന്നത് സത്യമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവാൻ കർത്താവ് കല്പിച്ചിരുന്നു എന്നതും സത്യമാണ്. അങ്ങനെയെങ്കിൽ ശിഷ്യന്മാർ "കർത്താവായ യേശുവിന്റെ നാമത്തിൽ" സ്നാനം നടത്തിയതെന്തിന്? അതിന് മൂന്ന് ഉത്തരങ്ങൾ പറയാൻ കഴിയും.

1. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുക എന്നതിന്റെ ശരിയായ അർത്ഥം കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തുക എന്നതാണ്.

2. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തിയതിനെക്കുറിച്ചാണ് "കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തി" എന്ന് എഴുതിയിരിക്കുന്നത്.

3. ശിഷ്യന്മാർ അനുസരണക്കേട് കാണിച്ചു.

ഇതിൽ ഏതാണ് ശരി? ശിഷ്യന്മാർ മന:പൂർവ്വം അനുസരണക്കേട് കാണിച്ചു എന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ആ സാദ്ധ്യത ആദ്യം തന്നെ തള്ളിക്കളയാം. ഇനി അവശേഷിക്കുന്നത് രണ്ട് സാദ്ധ്യതകളാണ്. ഇതിൽ ആദ്യത്തേതാണ് യേശുനാമക്കാരുടെ നിലപാട്. അത് എത്രത്തോളം ശരിയാണ് എന്ന് നോക്കാം.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും

നാമത്തിൽ സ്നാനപ്പെടുത്താനാണ് കർത്താവായ യേശുക്രിസ്തു കല്പിച്ചത്. ഇത് എങ്ങനെയാണ് യേശുനാമക്കാർ കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം ആക്കുന്നത് എന്ന് ആദ്യമായി പറയാം. വിഷയം ശരിയായി മനസ്സിലാക്കുവാൻ ഇത് ആവശ്യമാണ്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ വാക്കുകൾ "നാമം" അല്ല വെറും സ്നാനപ്പേരുകളാണ് എന്ന് യേശുനാമക്കാർ വാദിക്കുന്നു. മാത്രമല്ല, "നാമങ്ങൾ" എന്ന് ബഹുവചനത്തിൽ പറയാതെ "നാമം" എന്ന് പറഞ്ഞിരിക്കുന്നത് "യേശുവിന്റെ നാമം" എന്ന് സൂചിപ്പിക്കാനാണ് എന്നത്രേ ഇവർ വിശ്വസിക്കുന്നത്. ഇത് എത്രത്തോളം ശരിയാണ്?

ദൈവവചനത്തിൽ കാര്യമായ പരിജ്ഞാനമൊന്നും ഇല്ലാത്തവരെ വിഡ്ഢികളാക്കാൻ ഈ വാദം മതിയാകുമെന്നതിന് സംശയമില്ല. പക്ഷേ, ദൈവവചനം ആഴത്തിൽ പഠിച്ചിട്ടുള്ളവർക്ക് ഈ വ്യാഖ്യാനം അർത്ഥശൂന്യമാണെന്ന് മനസ്സിലാക്കാനാവും.

ആകാശവും ഭൂമിയും ദൈവം സൃഷ്ടിക്കുന്നതിനു മുമ്പേ ദൈവം ഉണ്ടായിരുന്നു. അന്ന് പിതാവും പുത്രനും പരിശുദ്ധാത്മാവും "യേശു" എന്ന പേരിൽ ആണോ അറിയപ്പെട്ടിരുന്നത്? ആയിരുന്നു എന്ന് തെളിയിക്കാൻ തിരുവചനത്തിൽ ആധാരമില്ല. പഴയനിയമത്തിൽ ദൈവം "എലോഹിം", "യഹോവ" തുടങ്ങിയ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. "യഹോവ" എന്നാണ് തന്റെ നാമം എന്ന് ദൈവം പലവട്ടം വ്യക്തമാക്കിയിട്ടുമുണ്ട്. കൂടാതെ, യഹോവ എന്ന പേര് പിതാവായ ദൈവത്തിനു മാത്രമല്ല, പുത്രനും പരിശുദ്ധാത്മാവിനും ഉള്ള പേരാണ്.

ഇനി പറയൂ, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പൊതുവായി യോജിക്കുന്ന പേര് ഏതാണ്? യേശു? അല്ല, യഹോവ. യേശു എന്ന പേര് പുത്രന് മാത്രമുള്ളതാണ്. പുത്രൻ മനുഷ്യനായി ഭൂമിയിൽ അവതരിക്കുന്നതിന് മുമ്പ് യേശു എന്ന പേരിൽ അറിയപ്പെട്ടിരുന്നുമില്ല. അതുകൊണ്ടാണ് യേശുവിനെ പലപ്പോഴും "നസ്രായനായ യേശു" എന്ന് വിളിക്കുന്നത്. ഭൂമിയിലുള്ള ഒരു ഗ്രാമമാണ് നസ്രേത്ത്. അവിടെ ജീവിച്ചിരുന്ന ദൈവപുത്രൻ നസ്രായനായ യേശു എന്ന് സ്വാഭാവികമായും അറിയപ്പെട്ടു. ഇതാണ് വസ്തുത. സംശയമുള്ളവർ പഴയനിയമം മുഴുവൻ ഒരുവട്ടം വായിക്കൂ. എവിടെയെങ്കിലും ദൈവത്തെ യേശു എന്ന് വിളിച്ചിട്ടുണ്ടോ?

"നാമങ്ങൾ" എന്നതിനു പകരം "നാമം" എന്ന് ഉപയോഗിക്കാൻ കാരണമെന്ത്? പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ അറിയപ്പെടുന്ന ദൈവം ഏകനാണ്. മൂന്ന് ദൈവമില്ല, ഏക ദൈവമേയുള്ളൂ. ഈ വസ്തുത സൂചിപ്പിക്കാനാണ് "നാമങ്ങൾ" എന്നതിനു പകരം "നാമം" എന്ന് ഉപയോഗിച്ചത്.

അങ്ങനെയെങ്കിൽ അപ്പൊസ്തലന്മാർ എന്തുകൊണ്ട് കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചു. ഒരുവിധത്തിലുള്ള മുൻവിധിയും കൂടാതെ ഈ വിഷയം പഠിച്ചാൽ സത്യം മനസ്സിലാക്കാവുന്നതേയുള്ളൂ.

ആദ്യമായി പ്രവൃ. 19:1-7 വായിക്കുക. "ഏതായിരുന്നു നിങ്ങളുടെ സ്നാനം" എന്ന് പൗലോസ് എഫെസോസിലെ വിശ്വാസികളോട് ചോദിക്കുന്നു. അക്കാലത്ത് പലവിധ സ്നാനങ്ങൾ നിലവിലുണ്ടായിരുന്നു എന്ന് ഈ ചോദ്യത്തിൽ നിന്നും മനസ്സിലാക്കാം. സംശയമുള്ളവർ ഏതെങ്കിലും നല്ല ബൈബിൾ ഡിക്ഷ്ണറിയിൽ "സ്നാനം" എന്ന വാക്കിന് കൊടുത്തിരിക്കുന്ന വിശദീകരണം നോക്കുക.

യഹൂദ മതത്തിലെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് പലവിധത്തിലുള്ള സ്നാനങ്ങൾ നിലവിലുണ്ടായിരുന്നു. അന്യജാതിക്കാർ യഹൂദമതം സ്വീകരിക്കുമ്പോൾ അവരെ സ്നാനപ്പെടുത്തുന്ന പതിവും ഉണ്ടായിരുന്നു. യോഹന്നാൻ സ്നാപകൻ സ്നാനം നടത്തിയപ്പോൾ സ്നാനം എന്ന നടപടിയെ ആരും എതിർക്കാതിരുന്നത് അതുകൊണ്ടാണ്. എന്നാൽ യോഹന്നാന് സ്നാനം നൽകാൻ അധികാരം ഉണ്ടോ എന്ന വിഷയത്തിലായിരുന്നു പരീശന്മാർക്കും മറ്റും സംശയം. ഇങ്ങനെ പലവിധത്തിലുള്ള സ്നാനങ്ങൾ നിലനിന്നിരുന്നതിനാൽ കർത്താവായ യേശു കല്പിച്ച സ്നാനത്തെ തിരിച്ചറിയാൻ "കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം" എന്ന് അതിനെ വിളിച്ചിരുന്നു.

എന്തുകൊണ്ടാണ് ക്രിസ്തീയ ജലസ്നാനത്തെ കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്നു വിളിച്ചത്? പറയാം. യേശു നസ്രേത്തുകാരനായ ഒരു ആശാരി മാത്രമായിരുന്നു എന്ന് ഭൂരിപക്ഷം ആളുകളും വിശ്വസിച്ചിരുന്നു. യേശുവിനെ കർത്താവായി സ്വീകരിക്കുക, മിശിഹാ അഥവാ ക്രിസ്തു ആയി അംഗീകരിക്കുക, ദൈവപുത്രനാണെന്ന് ഏറ്റുപറയുക തുടങ്ങിയതൊക്കെ അക്കാലത്ത് മിക്കവർക്കും കഴിയാത്ത കാര്യമായിരുന്നു.

ഏതെങ്കിലും വ്യക്തി യേശുക്രിസ്തുവിനെ കർത്താവായും രക്ഷിതാവായും ആയി അംഗീകരിച്ചാലുടൻ അവർക്ക് കർത്താവായ യേശുക്രിസ്തുവിന്റെ കല്പന പ്രകാരം ക്രിസ്തീയ ജലസ്നാനം നൽകിയിരുന്നു. അത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള സ്നാനം തന്നെ ആയിരുന്നു. എന്നാൽ അക്കാലത്ത് നിലനിന്നിരുന്ന ഇതര സ്നാനങ്ങളിൽ നിന്നും ഈ സ്നാനത്തെ തിരിച്ചറിയാനായി ക്രിസ്തീയ ജലസ്നാനത്തെ കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്ന് വിളിച്ചിരുന്നു എന്നു മാത്രം.

കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം ഉണ്ടായിരുന്നു എന്ന് എങ്ങനെ തെളിയിക്കാം? അത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. “നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ” എന്ന് അപ്പൊസ്തലനായ പൗലോസ് എഫെസൊസിലെ വിശ്വാസികളോട് ചോദിച്ചു. “പരിശുദ്ധാത്മാവ് ഉണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല” എന്നായിരുന്നു അവരുടെ മറുപടി. ഈ ഉത്തരം കേട്ട ഉടൻ പൗലോസ് ഇപ്രകാരം ചോദിച്ചു: “എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?” ഏതെങ്കിലും യേശുനാമക്കാരന് ഈ ചോദ്യത്തിന് ഒരു വിശദീകരണം നൽകാനുള്ള ധൈര്യമുണ്ടോ?

സ്നാനപ്പെട്ട ഒരു വ്യക്തി “പരിശുദ്ധാത്മാവ്” എന്ന് കേൾക്കാതിരിക്കുന്നതെങ്ങനെ എന്ന് പൗലോസിന് മനസ്സിലായില്ല. കാരണം, ക്രിസ്തീയ ജലസ്നാനത്തിൽ പരിശുദ്ധാത്മാവ് എന്ന നാമം കേൾക്കാതിരിക്കാൻ ആവില്ലല്ലോ. എന്നാൽ അക്കാലത്ത് നിലനിന്നിരുന്ന മറ്റ് സ്നാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ നാമം ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ട് എഫെസൊസിലെ വിശ്വാസികൾ സ്വീകരിച്ചത് ക്രിസ്തീയ ജലസ്നാനം തന്നെ ആണോ എന്ന് ഉറപ്പിക്കാനാണ് പൗലോസ് അവരുടെ സ്നാനം ഏതായിരുന്നു എന്ന് ചോദിച്ചത്. കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്ന് അറിയപ്പെട്ടിരുന്ന സ്നാനത്തിൽ പരിശുദ്ധാത്മാവ് എന്ന നാമം തീർച്ചയായും ഉണ്ടായിരിക്കും എന്ന് ഈ സംഭവം തെളിയിക്കുന്നു.

പത്രോസും പൗലോസു ഇതര ശിഷ്യന്മാരും കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം നടത്തി എന്നത് സത്യമാണ്. കർത്താവായ യേശു കല്പിച്ച സ്നാനം, അതായത്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള സ്നാനം ആയിരുന്നു അത്. കർത്താവായ യേശുവിന്റെ കല്പന അവർ തള്ളിക്കളയുകയോ വളച്ചൊടിച്ച് “കർത്താവായ യേശുവിന്റെ നാമത്തിൽ” മാത്രം ആക്കുകയോ ചെയ്തില്ല എന്ന് ചുരുക്കം.

## എല്ലാ രോഗങ്ങളും സാത്താന്യമാണ്

എല്ലാ രോഗങ്ങളും സാത്താന്യമാണ് എന്ന് ബ്രൻഹാം പഠിപ്പിച്ചിരുന്നു. “നിങ്ങൾ ക്യാൻസർ എന്നു വിളിക്കുന്നു... ദൈവം അതിനെ സാത്താന്യം എന്നു വിളിക്കുന്നു” എന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു. സാത്താൻ ശാരീരിക രോഗങ്ങളും മാനസിക രോഗങ്ങളും ഉണ്ടാക്കും എന്നത് ഒരു വസ്തുതയാണ്. പക്ഷേ, എല്ലാവിധ രോഗങ്ങളും സാത്താന്യമാണ് എന്ന വാദം ശുദ്ധ അബദ്ധമാണ്. മാത്രമല്ല, രോഗങ്ങളെല്ലാം സാത്താന്യമാണെന്നു പറഞ്ഞ ബ്രൻഹാം പലവട്ടം ആശുപത്രിയെ അഭയം പ്രാപിച്ചിട്ടുമുണ്ട്. അദ്ദേഹം മരിച്ചതും ആശുപത്രിയിൽ കിടന്നായിരുന്നു.

പല കാരണങ്ങളാൽ രോഗങ്ങൾ ഉണ്ടാകാം.

1. രോഗാണുക്കൾ മൂലം

രോഗങ്ങളിൽ നല്ലൊരു പങ്ക് രോഗാണുക്കൾ മൂലം ഉണ്ടാകുന്നതാണ്. ക്ഷയം, കുഷ്ഠം തുടങ്ങി പലവിധ രോഗങ്ങൾക്ക് രോഗാണുക്കളാണ് കാരണം. ഇത്തരം രോഗങ്ങൾക്ക് പണ്ട് മരുന്നില്ലായിരുന്നു. അതുകൊണ്ട് കർത്താവ് അത്ഭുത രോഗസൗഖ്യം നൽകി. എന്നാൽ ഇന്ന് അതല്ല സ്ഥിതി. രോഗാണുക്കൾ മൂലം ഉണ്ടാകുന്ന ഭൂരിപക്ഷം രോഗങ്ങളും പൂർണ്ണമായി സൗഖ്യമാക്കാനുള്ള മരുന്നുകൾ ഇന്ന് ലഭ്യമാണ്. അതുകൊണ്ട് രോഗാണുക്കൾ മൂലം രോഗമുണ്ടാകുമ്പോൾ മരുന്ന് കഴിച്ച് സൗഖ്യം പ്രാപിക്കുക. പക്ഷേ, ആശ്രയം മരുന്നിലല്ല ദൈവത്തിൽ ആയിരിക്കണം. അതുകൊണ്ട് മരുന്ന് കഴിക്കുന്നതോടൊപ്പം പ്രാർത്ഥിക്കയും വേണം.

2. വാർദ്ധക്യസഹജമായ അസുഖങ്ങൾ

പ്രായം കൂടുംതോറും മനുഷ്യശരീരത്തിന്റെ പ്രവർത്തനം തകരാറിലാകും. അത് തികച്ചും സ്വാഭാവികമാണ്. വിശ്വാസിക്കും അവിശ്വാസിക്കും ഇത് ബാധകമാണ്. മരുന്നുകൾ ഒരളവിലധികം ഫലിക്കയുമില്ല. പ്രാർത്ഥന കൊണ്ടും വലിയ ഫലം ഉണ്ടാകാറില്ല. കണ്ണു കാണാതായിട്ടും യിസഹാക്കിന്റെ ദൈവം വിശേഷവിധി

യായി ഒന്നും ചെയ്തുമില്ല. ഇന്നും ഇതുതന്നെ നില.

3. പരീക്ഷ

പരീക്ഷ എന്ന നിലയിൽ വിശ്വാസികൾക്ക് രോഗങ്ങൾ ഉണ്ടാകും. ഇയ്യോബിനുണ്ടായ രോഗം ഇത്തരത്തിലുള്ളതായിരുന്നു. മരുന്ന് കഴിച്ചാൽ ഇത്തരം രോഗങ്ങൾ മാറില്ല. പ്രാർത്ഥനയാണ് ഇത്തരം സന്ദർഭങ്ങളിൽ ആവശ്യം. എങ്കിലും പരീക്ഷയുടെ കാലാവധി അവസാനിക്കുന്നതു വരെ രോഗസൗഖ്യം ഉണ്ടാകയില്ല.

4. ഭൂതബാധ

ഭൂതബാധ കൊണ്ട് ശരീരത്തിനും മനസ്സിനും രോഗമുണ്ടാകാം. മരുന്നുകൾ കഴിച്ചതുകൊണ്ട് ഭൂതം വിട്ടുപോകില്ല. പ്രാർത്ഥന മാത്രാണ് ഇതിനു പരിഹാരം.

5. ദൈവശിക്ഷ

ദൈവശിക്ഷ എന്ന നിലയിൽ രോഗങ്ങൾ ഉണ്ടാകാം എന്നതിന് ദൈവവചനത്തിൽ തന്നെ നിരവധി തെളിവുകളുണ്ട്. യോഗ്യതയില്ലാതെ തിരുവത്താഴം എടുത്തതിന്റെ പേരിലോ, ഗുരുതരമായ പാപത്തിന്റെ ശിക്ഷ എന്ന നിലയിലോ ഒക്കെ രോഗങ്ങളുണ്ടാകാം. മരുന്നുകൾ കഴിച്ചാൽ ഇത്തരം രോഗങ്ങൾ ശമിക്കയില്ല. പ്രാർത്ഥിച്ചതുകൊണ്ടും പ്രയോജനം ഉണ്ടായില്ലെന്നു വരാം. എങ്കിലും പ്രാർത്ഥിക്കയല്ലാതെ മറ്റു മാർഗ്ഗമില്ല.

6. ജന്മനായുള്ള വൈകല്യങ്ങൾ

ചില രോഗങ്ങൾ ജന്മനാ ഉള്ളതാണ്. ജന്മനാ അന്ധനായോ, ചെകിടനായോ, മുടന്തനായോ ഒക്കെ ജനിക്കുന്നവരുണ്ട്. ചികിത്സകൾ കൊണ്ട് ചിലപ്പോൾ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടെന്നു വരാം. ദൈവം അത്ഭുത രോഗശാന്തി നൽകിയ സന്ദർഭങ്ങളുമുണ്ട്. ചിലപ്പോൾ ദൈവം സൗഖ്യം നൽകിയില്ലെന്നു വരാം. അതൊക്കെ ദൈവീക കാര്യപരിപാടിയിൽ പെട്ട വിഷയങ്ങളാണ്.

7. അപകടങ്ങൾ

അപകടങ്ങൾ മൂലം രോഗങ്ങൾ, അംഗവൈകല്യങ്ങൾ തുടങ്ങി പലതും ഉണ്ടാകാം. മരുന്നുകൾ കൊണ്ട് ഇവയിൽ ചിലത് പരിഹരിക്കാൻ കഴിയും. അതുകൊണ്ട് തീർച്ചയായും വൈദ്യസഹായം തേടണം. എങ്കിലും മരണത്തിൽ നിന്നുള്ള നീക്കുപോക്ക് ദൈവത്തിന്റെ അധികാരത്തിൽ മാത്രമുള്ള വിഷയമാണ്. അതുകൊണ്ട് പ്രാർത്ഥനയുടെ ആവശ്യകത വ്യക്തമാണല്ലോ.

ഈ പറഞ്ഞവ കൂടാതെ മറ്റു പല കാരണങ്ങളാലും രോഗങ്ങളുണ്ടാകാം. അവയിൽ ചിലത് മരുന്നു കൊണ്ട് പരിഹരിക്കാനും കഴിഞ്ഞേക്കാം. സർവ്വശക്തനായ ദൈവത്തിന് എല്ലാവിധ രോഗങ്ങളും മാറ്റാൻ കഴിയും. എങ്കിലും മരുന്നു കൊണ്ട് മാറാൻ സാദ്ധ്യതയുള്ള എല്ലാ രോഗത്തിനും മരുന്നുകൾ കഴിക്കണം. അത് പാപമല്ല, തികച്ചും വചനാനുസൃതമായ നടപടിയാണ്. കൂടാതെ, ''പ്രാർത്ഥിച്ചു കൊന്നു'' എന്ന ആരോപണം ഒഴിവാക്കാനും, അങ്ങനെ ദൈവനാമം ദുഷിക്കപ്പെടുന്നത് ഒഴിവാക്കാനും ഇത് ആവശ്യമാണ്.

എല്ലാ രോഗങ്ങളും സാത്താന്യമാണ് എന്ന് ബ്രൻഹാം പഠിപ്പിച്ചിരുന്നു. പക്ഷേ, ആ സിദ്ധാന്തം തെറ്റാണെന്ന് ഇനി വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

4. നിത്യനരകമില്ല

ഭൂരിപക്ഷം കൾട്ടുകളും നിത്യനരകമില്ലെന്ന് പഠിപ്പിക്കുന്നു. നരകത്തിൽ പതിക്കുന്ന വ്യക്തി ഉടൻ തന്നെ കത്തിത്തീരും എന്ന് യഹോവാസാക്ഷികൾ പഠിപ്പിക്കുന്നു. നരകശിക്ഷ വെറും നൂറു വർഷത്തേക്കു മാത്രമേയുള്ളൂ എന്നാണ് ശാബതുകാരുടെ നിലപാട്. നരകശിക്ഷ എത്ര വർഷം ദീർഘിക്കും എന്ന് ബ്രൻഹാം പറയുന്നില്ലെങ്കിലും അത് നിത്യമല്ല എന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമില്ല.

നരകത്തെക്കുറിച്ച് വിശദമായ ഒരു പഠനം ഈ ബുക്ക്ലറ്റിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ല. എങ്കിലും പ്രധാനപ്പെട്ട ചില വസ്തുതകൾ പറയാം. പഴയനിയമത്തിൽ ഷീയോൾ എന്നും, പുതിയനിയമത്തിൽ ഹേഡീസ് എന്നും പറഞ്ഞിരിക്കുന്ന വാക്ക് പല തർജ്ജമകളിലും നരകം എന്ന് തർജ്ജമ ചെയ്തിട്ടുണ്ടെങ്കിലും 'പാതാളം' എന്ന വാക്കാണ് ഉപയോഗിക്കേണ്ടത്. പാതാളം നിത്യനരകമല്ല. ഗീഹെന്ന എന്ന് പുതിയനിയമത്തിൽ കൊടുത്തിരിക്കുന്ന വാക്കിന് ഹിന്നോം താഴ്വര എന്നാണ് അർത്ഥം. ഇത് യഥാർത്ഥ നരകമല്ല, നരകത്തിന്റെ പ്രതീകം മാത്രമാണ്. തീയും ഗന്ധകവും കത്തുന്ന പൊയ്കയാണ് യഥാർത്ഥ നരകം. അത് നിത്യമാണ്. (കൂടുതൽ വിവരങ്ങൾക്ക് റ്റി.എസ്. ബാലൻ എഴുതിയ 'മരിച്ചവർ എവിടെ?' എന്ന പുസ്തകം നോക്കുക).

നരകം നിത്യമല്ല, കുറച്ചു കാലത്തേക്ക് മാത്രമേ ഉള്ളൂ എന്ന് വാദിക്കുന്നവർ ശ്രദ്ധിക്കുക: "നിത്യജീവൻ" എന്നതിലെ "നിത്യം" എന്ന വാക്കു തന്നെയാണ് "നിത്യനരകം" എന്നതിലും ഉപയോഗി

ച്ചിരിക്കുന്നത്. നിത്യനരകം കുറച്ചുകാലത്തേക്കു മാത്രമേ ഉണ്ടാകൂ എങ്കിൽ നിത്യജീവനും കുറച്ചു കാലത്തേക്കേ ഉണ്ടാകൂ. ദൈവത്തെ കള്ളനാക്കുന്ന വ്യാഖ്യാനമാണിത്. തിരുവചന സത്യങ്ങൾ യഥാ വിധി അംഗീകരിക്കാൻ മനസ്സിലാത്തവർക്ക് ഇത്തരം വിഡ്ഢിത്ത ങ്ങൾ പ്രസംഗിച്ചു നടക്കേണ്ടതായി വരും.

5. സ്ത്രീകൾ പുരുഷനേക്കാളും മൃഗങ്ങളേക്കാളും ഹീനരാണ്

സകല ദോഷത്തിന്റെയും കാരണം സ്ത്രീയാണെന്ന് ബ്രൻ ഹാം വിശ്വസിച്ചിരുന്നു. ദൈവം ആദത്തെ മണ്ണിൽനിന്നു സൃഷ്ടിച്ചു. ഇതര മൃഗങ്ങളേയും ഇല്ലായ്മയിൽ നിന്നും ഉരുവാക്കി. പക്ഷേ, സ്ത്രീയെ ദൈവം ആദത്തിൽ നിന്നും ഉണ്ടാക്കുകയാണ് ചെയ്തത്. ഇതിൽനിന്നും സ്ത്രീ ഒരു ഉപോല്പന്നമാണെന്ന് വ്യക്തമാകുന്നുണ്ട് എന്നത്രേ ബ്രൻഹാമിന്റെ വാദം. പുരുഷൻ, പക്ഷിമൃഗാദികൾ തുടങ്ങിയവയേക്കാൾ താണ നിലവാരമാണ് സ്ത്രീക്കുള്ളത് എന്ന് അദ്ദേഹം പഠിപ്പിക്കുന്നത് ഈ കാരണത്താലത്രേ.

മറുപടി അർഹിക്കാത്തത്ര ഭോഷത്വമാണ് ഈ പഠിപ്പിക്കൽ. അതുകൊണ്ട് ഇതേപ്പറ്റി ഏറെയൊന്നും വിശദീകരിക്കുന്നില്ല. സ്ത്രീകൾ മൃഗങ്ങളേക്കാൾ ശ്രേഷ്ഠരാണ് എന്ന് മനസ്സിലാക്കാൻ അസാമാന്യ ബുദ്ധി ആവശ്യമില്ലല്ലോ. കർത്താവായ യേശുക്രിസ്തു സ്വന്തം ചോര നൽകി പുരുഷന്മാരെ മാത്രമല്ല, സ്ത്രീകളേയും വീണ്ടെടുത്തു. പക്ഷേ, ഒരു മൃഗത്തേയും കർത്താവ് വീണ്ടെടുത്തി ട്ടില്ല. പുരുഷൻ തലയും സ്ത്രീ ശരീരവുമാണെന്ന് ദൈവവചനം വ്യക്തമാക്കുന്നു. ബ്രൻഹാമിന്റെ നിലപാടിന് ആധാരമായി തിരുവചനത്തിൽ നിന്ന് ഒരു വാക്യം പോലും ചൂണ്ടിക്കാണിക്കാൻ ആവില്ല.

6. സാത്താനും ഹവ്വായുമായുണ്ടായ ലൈംഗികബന്ധത്തിലൂടെ ഉണ്ടായ സന്തതിയാണ് കയീൻ.

ആദ്യപാപത്തേക്കുറിച്ചുള്ള തെറ്റിദ്ധാരണ മൂലം ഉണ്ടായ ഒരു ദുർവ്യാഖ്യാനമാണിത്. "തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തി ന്റെ ഫലം" എന്നത് അക്ഷരാർത്ഥത്തിൽ എടുക്കാൻ പലർക്കും മനസ്സില്ല. അതിന് അവർ ആത്മീക അർത്ഥം കൊടുക്കുന്നു.

"തോട്ടം" മനുഷ്യശരീരമായും "നടുവിലുള്ള വൃക്ഷം" ലൈംഗീകാവയവയമായും വ്യാഖ്യാനിക്കുന്നു. സാത്താൻ സ്ത്രീയെ പറഞ്ഞു മയക്കി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടെന്നും, ആ ബന്ധത്തിലൂടെ ഉണ്ടായ സന്തതിയാണ് കയീൻ എന്നും വരെ ചിലർ പറഞ്ഞുവയ്ക്കുന്നു. പക്ഷേ, ദൈവവചനം ഇതേപ്പറ്റി എന്തു പറ യുന്നു എന്ന് നോക്കൂ:

"കാണുവാൻ ഭംഗിയുള്ളതും തിന്നുവാൻ നല്ല ഫലമുള്ള തുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിനു നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തു നിന്നും മുളപ്പിച്ചു." ഉല്പ. 2:9. "വൃക്ഷം" എന്ന വാക്ക് മൂന്നു വട്ടം ഉപയോഗിച്ചിട്ടുണ്ട്. "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം" ലൈംഗീകാവയവമാണെങ്കിൽ "കാണുവാൻ ഭംഗിയുള്ളതും തിന്നുവാൻ നല്ല ഫലമുള്ളതുമായ വൃക്ഷങ്ങൾ" ഏവ? കൈകാലുകളാണോ? അതോ തലയാണോ? "ജീവവൃക്ഷം" ഏതാണാവോ? പുതിയ യെരൂശലേമിൽ ജീവവൃക്ഷം ഉണ്ടായി രിക്കും എന്നും, അക്കാലത്ത് അതിന്റെ ഫലം തിന്നാൻ കഴിയു മെന്നും ഓർത്തുകൊണ്ടു വേണം വ്യാഖ്യാനം നടത്താൻ.

ഇനി കയീൻ ആരുടെ മകനാണ് എന്നു നോക്കാം. "അന ന്തരം മനുഷ്യൻ തന്റെ ഭാര്യയാ ഹവ്വയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് കയീനെ പ്രസവിച്ചു." ഉല്പ. 4:1. കയീൻ ആദത്തിന്റെ മകനാണെന്ന് ദൈവവചനം പറയുന്നു. കയീൻ സാത്താന്റെ മകനാണെന്ന് ബ്രൻഹാം പറയുന്നു. ഇതിൽ ഏത് വിശ്വസിക്കണം? ദൈവമക്കൾ ദൈവവചനം പറയുന്നത് വിശ്വസിക്കും. ബ്രൻഹാ മിന്റെ ഭക്തർ ബ്രൻഹാം പറയുന്നത് വിശ്വസിക്കും.

സ്ത്രീപുരുഷ ബന്ധം എന്നൊന്ന് ദൈവീകപദ്ധതിയിൽ ഇല്ലായിരുന്നു എന്നും ബ്രൻഹാം പറയുന്നുണ്ട്. യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ ഉണ്ടാക്കി. ആദത്തി ന്റെ പിൻതലമുറയും ഇപ്രകാരം പൊടിയിൽ നിന്നും ഉണ്ടാകണമെ ന്നായിരുന്നത്രേ ദൈവീക പദ്ധതി. പക്ഷേ, സാത്താന്റെ വശീകരണ ത്തിൽ അകപ്പെട്ട് സ്ത്രീ ലൈംഗികത പഠിച്ചു. അവൾ അത് ആദത്തെ പഠിപ്പിച്ചു.

ഈ വ്യാഖ്യാനം കേട്ടാൽ സാമാന്യ ബുദ്ധിയുള്ളവരെല്ലാം പൊട്ടിച്ചിരിച്ചു പോകും. സ്ത്രീപുരുഷ ബന്ധത്തിലൂടെ മനുഷ്യന് പിൻതലമുറ ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിച്ചിരുന്നില്ലെങ്കിൽ ദൈവം ഹവ്വയ്ക്ക് ഗർഭപാത്രം കൊടുത്തതെന്തിന്? (സാത്താനാണ് ഹവ്വയ്ക്ക് ഗർഭപാത്രം ഉണ്ടാക്കി കൊടുത്തതന്നോ, സാത്താനുമായി ബന്ധപ്പെട്ടപ്പോഴാണ് സ്ത്രീക്ക് ഗർഭപാത്രം ഉണ്ടായതെന്നോ വ്യാഖ്യാനിക്കില്ലെന്ന് കരുതാം.)

7. ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും കയീന്റെ മക്കളാണ്

ബ്രൻഹാമിന് വിദ്യാഭ്യാസവും ദൈവവചന പരിജ്ഞാനവും വളരെ കുറവായിരുന്നു എന്ന് പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് വിദ്യാഭ്യാസമുള്ളവരോട് ബ്രൻഹാമിന് അസൂയ ഉണ്ടാകുക സ്വാഭാവികമാണ്. വചന പരിജ്ഞാനമുള്ള ലിൻഡ്സേയോട് ബ്രൻഹാം ഏതുവിധത്തിലാണ് പെരുമാറിയതെന്നും ഓർക്കുക. ശാസ്ത്രജ്ഞന്മാരോടും ബുദ്ധിജീവികളോടും ബ്രൻഹാമിന് വിരോധമുണ്ടായത് ഇതുകൊണ്ടാകാം.

ഇതോടൊപ്പം മറ്റൊരു കാരണവും ഉണ്ടാകാം. അത്ഭുത രോഗശാന്തി എന്ന ആശയം പോലും ഭൂരിപക്ഷം ശാസ്ത്രജ്ഞന്മാർക്കും സ്വീകാര്യമല്ല എന്നത് ഒരു വസ്തുതയാണ്. രോഗശാന്തി ശുശ്രൂഷ ജീവിതത്തിന്റെ തന്നെ ഭാഗമാക്കിയ ബ്രൻഹാമിനെതിരെ ശാസ്ത്രജ്ഞർ വിമർശനം അഴിച്ചുവിട്ടിട്ടുണ്ട്. അത്തരം വിമർശനങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ ബ്രൻഹാമിന് കഴിഞ്ഞുമില്ല. ശാസ്ത്രജ്ഞരെല്ലാം സാത്താന്റെ സന്തതികളാണെന്ന വാദം ഈ വിരോധത്തിൽ നിന്നും ഉണ്ടായതാകാം.

ദൈവവചനത്തിന്റെ ബാലപാഠങ്ങളെങ്കിലും അറിയാവുന്നവർ ശാസ്ത്രജ്ഞരെ സാത്താന് ഹവ്വയിൽ പിറന്ന മകനായ കയീന്റെ പിൻതലമുറയായി ചിത്രീകരിക്കയില്ല. കാരണം, ഇന്ന് ലോകത്തിൽ ഉള്ള മനുഷ്യരെല്ലാം നോഹയുടെ പിൻതലമുറയാണ്. നോഹ കയീന്റെ പിൻതലമുറക്കാരനല്ല, മറിച്ച്, ശേത്തിന്റെ വംശാവലിയിൽ ഉള്ളവനാണെന്ന് ഉല്പത്തി അഞ്ചാം അദ്ധ്യായം വ്യക്തമാക്കുന്നുണ്ട്. കയീന്റെ പിൻമുറക്കാർ എല്ലാം ജലപ്രളയത്തിൽ മരിച്ചു. മാത്രമല്ല, ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർ ഒരേ വംശത്തിൽ പിറന്നവരുമല്ല. ഒരു കുടുംബത്തിൽ തന്നെ ശാസ്ത്രജ്ഞനും സുവിശേഷകനും ഉണ്ടാകാറുമുണ്ട്. വിദ്യാരാഹിത്യമാണ് ബ്രൻഹാമിനെക്കൊണ്ട് ഇത്തരം വിഡ്ഢിത്തങ്ങൾ പറയിച്ചത്. പക്ഷേ, ഇതൊക്കെ വിശ്വസിക്കാൻ ഇന്നും ആളുണ്ടെന്നതാണ് അത്ഭുതകരമായ സംഗതി.

8. പുരുഷന് വിവാഹമോചനം നടത്താൻ അവകാശമുണ്ട്

വിവാഹമോചനം നടത്താൻ പാടില്ല എന്ന കല്പന സ്ത്രീകൾക്കു മാത്രം ബാധകമായ പ്രമാണമാണെന്ന് ബ്രൻഹാം പറയുന്നു. എന്നാൽ ദൈവവചനം വ്യക്തമായി പഠിച്ചാൽ ഈ സിദ്ധാന്തം തെറ്റാണെന്ന് മനസ്സിലാക്കാം. “ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.” മത്താ. 19:9.

വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാവുന്നത്ര ലളിതമാണ് ഈ വാക്യം. കർത്താവായ യേശുക്രിസ്തു പറഞ്ഞത് വിശ്വസിക്കണമോ അതോ ബ്രൻഹാം പഠിപ്പിക്കുന്നത് അംഗീകരിക്കണമോ എന്നതാണ് ഇവിടത്തെ പ്രശ്നം.

9. ബഹുഭാര്യത്വം അനുവദനീയമാണ്.

പുരുഷന്മാർക്ക് എത്ര വിവാഹം വേണമെങ്കിലും കഴിക്കാം എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. എന്നാൽ സ്ത്രീക്ക് ഒരു വിവാഹം മാത്രമേ കഴിക്കാനാവൂ. പക്ഷേ, ബഹുഭാര്യാത്വമോ ബഹുഭർതൃത്വമോ ദൈവവചനം അനുവദിക്കുന്നില്ല എന്നതാണ് സത്യം. മരണത്താൽ അല്ലാതെ വേർതിരിക്കാനാവാത്ത ഒരു ബന്ധമാണ് വിവാഹം. കത്തോലിക്കർ ഉൾപ്പെടെ എല്ലാ ക്രൈസ്തവ സഭകളും അംഗീകരിച്ച പ്രമാണമാണിത്. അതുകൊണ്ട് ഇതേപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല.

10. ക്രൈസ്തവ സഭാവിഭാഗങ്ങളാണ് മൃഗത്തിന്റെ മുദ്ര

എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളും സാത്താന്റെ പിണിയാളുകളാണ് എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. അതുകൊണ്ട് ബ്രൻഹാമിന്റെ സഭക്കാർ ഒരു പ്രസ്ഥാനമെന്ന നിലയിലല്ല പ്രവർത്തിക്കുന്നത്.

വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനാനുസൃതമായി ഉള്ളൂ. ഈ സഭയിൽ അപ്പൊസ്തലൻ, പ്രവാചകൻ, ഇടയൻ, സുവിശേഷകൻ, അദ്ധ്യാപകൻ (ഉപദേഷ്ടാവ്) തുടങ്ങിയ ശുശ്രൂഷന്മാരുമുണ്ട്. (എഫേ. 4:11). കത്തോലിക്കാസഭ മുതൽ വിവിധ പെന്തക്കോസ്ത് സഭകൾ വരെയുള്ളവയൊന്നും ദൈവസഭയല്ല, മറിച്ച് മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. ബൈബിളിലെ ചട്ടങ്ങളും വിധികളും അനുസരിച്ചല്ല, സൊസൈറ്റീസ് ആക്ടിലെ ചട്ടങ്ങൾ അനുസരിച്ചാണ് ഈ സംഘടനകൾ നിലവിൽ വന്നിട്ടുള്ളത്. മനുഷ്യനിർമ്മിതമായ ഈ സംഘടനകളുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്ക് മാനുഷിക അധികാരങ്ങളേ ഉള്ളൂ. ദൈവദാസന്മാർ ചിലപ്പോൾ ഈ സംഘടനകളുടെ നേതൃസ്ഥാനത്തെത്തി എന്ന ഒറ്റക്കാരണം

കൊണ്ട് ഒരാൾ ദൈവദാസൻ ആകുന്നില്ല. ദൈവസഭയും സംഘടനയും തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. ദൈവസഭയുടെ നേതാക്കന്മാരെയും സംഘടനകളുടെ നേതാക്കന്മാരെയും തമ്മിൽ തിരിച്ചറിയാൻ നമുക്ക് കഴിയണം.

കർത്താവായ യേശുക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളൂ. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച എല്ലാവരും അതിലെ അംഗങ്ങളാണ്. മനുഷ്യനിർമ്മിതമായ സംഘടനകളൊന്നും സഭയല്ല. പക്ഷേ മിക്കവർക്കും ഈ സത്യം അറിഞ്ഞുകൂടാ. ദൈവസഭയെന്നത് കത്തോലിക്കാസഭയാണെന്നും, കത്തോലിക്കാസഭക്കു പുറത്ത് രക്ഷയില്ലെന്നും കത്തോലിക്കൽ വിശ്വസിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നു. പല ക്രൈസ്തവ സംഘടനകളും തങ്ങളുടെ സഭ മാത്രമാണ് ദൈവസഭയെന്നും, തങ്ങളുടെ സഭയിൽ അംഗമല്ലാത്തവർ നരകത്തിൽ പോകുമെന്നും പഠിപ്പിക്കുന്നുണ്ട്. ഇതൊക്കെ കണ്ടും കേട്ടും ജീവിക്കുന്നവർക്ക് സഭയും സംഘടനയും തമ്മിൽ തിരിച്ചറിയാൻ കഴിയാതെ പോകുന്നതിൽ അത്ഭുതമില്ല.

മനുഷ്യനിർമ്മിതമായ ഇത്തരം സംഘടനകൾ ആവശ്യമുണ്ടോ എന്നതാണ് മറ്റൊരു പ്രശ്നം. ആത്മീയ ആവശ്യങ്ങൾക്ക് ഇത്തരം ഒരു സംഘടന ആവശ്യമില്ല. എന്നാൽ വിശ്വാസികളുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റാൻ ഇത്തരം സംഘടനകൾ പ്രയോജനപ്പെട്ടേക്കാം. അതുകൊണ്ട് ആത്മീയ സംഘടനകൾ ഉണ്ടാക്കുന്നതോ അതിൽ അംഗമാകുന്നതോ തെറ്റാണെന്നു പറയാൻ ആവില്ല. ഇത്തരം സംഘടനകൾ സഭയുടെ സ്ഥാനം കൈവശപ്പെടുത്തുന്നത് ഒഴിവാക്കുകയും വേണം.

സംഘടനകളെ ഒന്നടങ്കം അധിക്ഷേപിക്കുന്നതും വെളി. 17-ലെ മൃഗമായും വേശ്യയായും മറ്റും ചിത്രീകരിക്കുന്നതും ശരിയല്ല. ഇത്തരം ഒരു സിദ്ധാന്തം തെളിയിക്കാൻ ദൈവവചനത്തിൽ ആധാരമില്ല. പുതിയ യെരൂശലേം കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിയാണ്. അതുപോലെ മഹതിയാം ബാബിലോൺ എതിർക്രിസ്തുവിന്റെ മണവാട്ടിയാണ്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് പുതിയ യെരൂശലേം. രക്ഷിക്കപ്പെടാത്തവരുടെ സംഘമാണ് മഹതിയാം ബാബിലോൺ.

11. ലവോദിക്യാ സഭയുടെ ദൂതൻ ബ്രൻഹാമാണ്

വെളി. 3:14-22 ആധാരമാക്കിയുള്ള ഒരു വ്യാഖ്യാനമാണിത്. ഏഷ്യയിലുള്ള ഏഴു സഭകൾക്ക് കർത്താവായ യേശുക്രിസ്തു കൊടുക്കുന്ന ദൂതാണ് വെളി. 2, 3 അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം. ഓരോ സഭക്കും ഓരോ ദൂതനുണ്ട്. അതിൽ അവസാനത്തെ സഭയായ ലവോദിക്യാ സഭയുടെ ദൂതനാണ് ബ്രൻഹാം എന്നത്രേ അവകാശവാദം. എന്നാൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെയാണെന്ന് ബ്രൻഹാം പറയുന്നില്ല. കേട്ടുകേഴ്‌വികളെ ആധാരമാക്കിയുള്ള ഒരു ദുർവ്യാഖ്യാനമാണിത്.

വെളി. 2, 3 അദ്ധ്യായങ്ങളിൽ കാണുന്ന ഏഴു സഭകൾ ഒന്നാം നൂറ്റാണ്ടു മുതലുള്ള ഏഴ് സഭാ കാലഘട്ടങ്ങളാണ് എന്നൊരു വ്യാഖ്യാനമുണ്ട്. ചില പെന്തക്കോസ്ത് വിഭാഗങ്ങൾ ഉൾപ്പെടെ പലരും അത് അംഗീകരിച്ചിട്ടുമുണ്ട്. ഈ വ്യാഖ്യാനം അനുസരിച്ച് ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയുടെ പ്രതീകമാണ് എഫെസോസ് സഭ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതലുള്ള സഭയാണ് അവസാനത്തെ സഭയായ ലവോദിക്യാ സഭ. അന്ത്യകാലത്തെ സഭക്കുള്ള ദൂതുമായി ദൈവം അയച്ച ദൂതനാണ് ബ്രൻഹാം. അതുകൊണ്ടാണ് ബ്രൻഹാമിനെ ലവോദിക്യാ സഭയുടെ ദൂതനായി പരിഗണിക്കുന്നത്. ഏഴു സഭകൾ ഏഴു സഭാകാലഘട്ടങ്ങളാണ് എന്ന വ്യാഖ്യാനം പൊളിഞ്ഞാൽ ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ കഥയും അവസാനിക്കും.

12. വെളി. 10:6-ൽ പറയുന്ന ദൂതൻ ബ്രൻഹാമാണ്.

ബ്രൻഹാം ലവോദിക്യാ സഭയുടെ ദൂതൻ മാത്രമല്ല, വെളി. 10:6-ൽ കാണുന്ന ദൂതനുമാണ് എന്ന് ബ്രൻഹാമിന്റെ അനുയായികൾ വിശ്വസിക്കുന്നു. ബ്രൻഹാമിന്റെ അജ്ഞതയാണ് ഇവിടെയും പ്രശ്നമായത്. വെളിപ്പാട് പുസ്തകം ഒരുവട്ടം ശ്രദ്ധിച്ചു വായിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

വെളി. 6, 7, 8 അദ്ധ്യായങ്ങളിൽ കുഞ്ഞാട് ഏഴു മുദ്രകൾ പൊട്ടിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഓരോ മുദ്ര പൊട്ടുക്കുമ്പോഴും ഭൂമിയിൽ ന്യായവിധി ഉണ്ടാകുന്നു. ഏഴാം മുദ്ര മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാണ്. ഈ മുദ്ര പൊട്ടിച്ചപ്പോൾ ഏഴു ദൂതന്മാർ കാഹളവുമായി പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്. ഇവർ ഓരോരുത്തരും കാഹളം ഊതുന്ന മുറക്ക് ഭൂമിയിൽ ദൈവീക ന്യായവിധി ഉണ്ടാകുന്നു. ഏഴാമത്തെ ദൂതൻ ഊതിയതോടെ ലോകരാജ്യത്വം നമ്മുടെ കാർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നു. (വെളി. 11:15). ഏഴാമത്തെ ദൂതൻ ബ്രൻഹാമാണെങ്കിൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെ? ഏഴാമത്തെ ദൂതൻ ബ്രൻഹാമാ

ണെങ്കിൽ വെളി. 11:14 വരെയുള്ള സംഭവങ്ങൾ ബ്രൻഹാം ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് നടന്നിരിക്കണമല്ലോ? അതൊക്കെ നടന്നോ? ഇല്ലെന്നു വ്യക്തം. സംശയമുള്ളവർ വെളിപ്പാട് 6-ാം അദ്ധ്യായം മുതൽ ശ്രദ്ധിച്ചു വായിക്കുക.

ഏഴാമത്തെ ദൂതൻ ഊതിക്കഴിയുന്നതോടെ ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീരണമല്ലോ. ബ്രൻഹാമിന്റെ ശുശ്രൂഷ 1965-ൽ അവസാനിച്ചു. പക്ഷേ, ഇപ്പോഴും ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിട്ടില്ല. ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ പൊള്ളത്തരം മനസ്സിലാക്കാൻ ഇതിൽ അധികം തെളിവ് ആവശ്യമില്ലല്ലോ.

ബ്രൻഹാമിന്റെ വായിൽ നിന്നും വരുന്ന വാക്കുകൾ മനുഷ്യരുടെ ശരീരത്തെ കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ യോഗ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുന്ന ഒരു കാലം ആസന്നഭാവിയിൽ വരുമെന്നും ബ്രൻഹാമിന്റെ അനുയായികൾ വിശ്വസിക്കുന്നു. ദൈവത്തിനു ലഭിക്കേണ്ട മഹത്വം ദൈവദാസന്മാർ കൈവശപ്പെടുത്തിയാൽ എന്തു സംഭവിക്കും എന്നതിന് നല്ല ഒരു ഉദാഹരണമാണ് ഈ സിദ്ധാന്തം. സ്തുതിപാഠകരുടെ ചക്കര വാക്കുകൾ കേട്ട് ബ്രൻഹാം മയങ്ങിപ്പോയി. അല്ലെങ്കിൽ ഇത്ര വലിയ വിഡ്ഢിത്തം എഴുന്നള്ളിക്കുമോ? ദൈവമക്കളുടെ ശരീരത്തെ രൂപാന്തരപ്പെടുത്തുന്നത് ബ്രൻഹാമിന്റെ ശബ്ദമല്ല, കർത്താവായ യേശുക്രിസ്തുവിന്റെ ഗംഭീരനാദമാണ്. (1തെസ്സ. 4:16).

ബ്രൻഹാം ഉടനെയൊന്നും മരിക്കയില്ലെന്നും ബ്രൻഹാം വളരെയധികം അത്ഭുതങ്ങൾ ചെയ്യുമെന്നും ബ്രൻഹാം ഉൾപ്പെടെ നിരവധി ആളുകൾ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഇത്തരം ഒരു വിഡ്ഢിത്തം പഠിപ്പിക്കാൻ ബ്രൻഹാം ധൈര്യപ്പെട്ടത്. പക്ഷേ, പ്രതീക്ഷിച്ചതു പോലെയല്ല സംഭവിച്ചത്. ബ്രൻഹാം അപ്രതീക്ഷിതമായി മരിച്ചു. ബ്രൻഹാമിന്റെ ശബ്ദം കേട്ട് ആരും രൂപാന്തരപ്പെട്ടുമില്ല. എങ്കിലും ബ്രൻഹാം വീണ്ടും വരുമെന്ന് ബ്രൻഹാമിന്റെ അനുയായികളിൽ നല്ലൊരു പങ്ക് ഇന്നും വിശ്വസിക്കുന്നു.

# 3

# ബ്രൻഹാമിന്റെ കൾട്ട് കേരളത്തിൽ

ബ്രൻഹാമിന്റെ കൾട്ടിന് കേരളത്തിൽ വലിയ സ്വാധീനമൊന്നും ഇതുവരെയുണ്ടായിട്ടില്ല. എങ്കിലും ഈ കൾട്ട് സാവധാനം പ്രചരിച്ചുകൊണ്ടിരിക്കയാണ്. ഇടുക്കി, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഏതാനും സാധുക്കളെ വശീകരിക്കാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. ഈ കൾട്ട് എത്രത്തോളം ഗുരുതരമായ ദുരുപദേശങ്ങളാണ് പ്രചരിപ്പിക്കുന്നതെന്ന് പൊതുജനത്തെ അറിയിച്ചില്ലെങ്കിൽ കൂടുതൽ ആളുകൾ ഈ ചതിക്കുഴിയിൽ വീഴാൻ ഇടയാകും.

സ്നാനം കർത്താവായ യേശുവിന്റെ നാമത്തിലാണ് നടത്തേണ്ടത് എന്ന വാദവുമായാണ് ഈ കൾട്ടിന്റെ പ്രവർത്തകർ വിശ്വാസികളെ സമീപിക്കുക. സാധാരണക്കാർക്ക് ഈ വിഷയത്തിൽ കാര്യമായ അറിവൊന്നും ഉണ്ടായിരിക്കയില്ലല്ലോ. അതുകൊണ്ട് വളരെ പെട്ടെന്ന് ജനവഞ്ചന നടത്താൻ ഇവർക്ക് കഴിയുന്നു. ഈ കൾട്ടിന്റെ ദുരുപദേശങ്ങൾ എത്രത്തോളം ഗൗരവമുള്ളതാണെന്ന് മനസ്സിലാക്കാതെയായിരിക്കും മിക്കവരും ഈ ചതിക്കുഴിയിൽ വീഴുക. പെന്തക്കോസ്ത് സഭകളിലെ അംഗങ്ങൾ ഉൾപ്പെടെ പലരും അടുത്തകാലത്ത് ഇവരുടെ വലയിൽ അകപ്പെട്ടിട്ടുണ്ട്.

ബ്രൻഹാമിന്റെ പ്രസംഗത്തിന്റെ കാസെറ്റുകൾ, അവ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തുടങ്ങിയവ വേദവാക്യങ്ങൾ പോലെ ഈ കൾട്ടിലെ അംഗങ്ങൾ കൊണ്ടുനടക്കുന്നു. പണം മുടക്കി ഇവ അച്ചടിച്ച് പ്രചരിപ്പിക്കുന്നു. ദൈവദൂതനേപ്പോലെ, ചിലപ്പോൾ ദൈവത്തെപ്പോലെ, ബ്രൻഹാമിനെ ഇവർ കണക്കാക്കുന്നു. ബ്രൻഹാമില്ലാത്ത ഒരു ക്രിസ്തീയ ജീവിതം ഇവർക്ക് ചിന്തിക്കാനേ ആവില്ല.

കൾട്ടിന്റെ പിടിയിൽ അകപ്പെട്ടാൽ രക്ഷപ്പെടാൻ ബുദ്ധി മുട്ടാണ്. ബ്രൻഹാമിന്റെ കൾട്ടിൽ അകപ്പെട്ട ആരും രക്ഷപ്പെട്ടതായി അറിവില്ല. ബ്രൻഹാം ദൈവത്തിന്റെ പ്രവാചകനാണെന്നും, ലവോ ദിക്യാ സഭയുടെ ദൂതനാണെന്നും, ബ്രൻഹാമിലൂടെയല്ലാതെ ആരും രക്ഷ പ്രാപിക്കയില്ലെന്നും ധരിച്ച് വശായിരിക്കുന്ന സാധുക്കളെ എങ്ങനെ കാര്യം പറഞ്ഞു മനസ്സിലാക്കും? എവിടെ തുടങ്ങണം? എങ്ങനെ തുടങ്ങണം?

രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുകയാണ് വേണ്ടത് എന്നാണല്ലോ ചൊല്ല്. ഈ പ്രശ്നത്തിലും ഇതുതന്നെയാണ് ഏറ്റവും ഫലപ്രദമായ പരിഹാരം. ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ തലയ്ക്കു പിടിച്ചു കഴിഞ്ഞാൽ അതിൽനിന്നും രക്ഷപ്പെടുക അത്ര എളുപ്പമല്ല. അതുകൊണ്ട് ഈ കൾട്ടിന്റെ പിടിയിൽ അകപ്പെടുന്നതിനു മുമ്പായി ജീവിതങ്ങളെ രക്ഷിക്കയാണ് അഭികാമ്യം. അതിനുള്ള ശ്രമമാണ് ഈ ബുക്ക് ലറ്റിലൂടെ ഞാൻ നടത്തുന്നത്.

ബ്രൻഹാമിന്റെ ദുരുപദേശങ്ങൾക്കെതിരേ കേരളത്തിൽ ആരും ഇതുവരെ എഴുതിയതായി അറിവില്ല. ഈ കൾട്ടിന്റെ ദുരുപദേശങ്ങൾ വിശ്വാസികളെ അറിയിക്കാനായി ഞാൻ നടത്തുന്ന ഈ ശ്രമം ബ്രൻഹാമിന്റെ അനുയായികൾക്ക് രസിക്കില്ലെന്ന് തീർച്ച. അവർ പ്രതികരിക്കും. ഈ ബുക്കിലറ്റിനെതിരെ അവർ രംഗത്തു വരും. പക്ഷേ, ദൈവസഭക്കെതിരേ പാതാള ഗോപുരങ്ങൾ പ്രബല പ്പെടുകയില്ല. സാത്താന്റെ തന്ത്രങ്ങൾ വിഫലമാകും.